Ksmart

തീയതി : 23-01-2026
നമ്പർ : 2/2026

# തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ

## കൗൺസിൽ മീറ്റിംഗ് നോട്ടീസ്

മാന്യരേ,

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ ഒരു അടിയന്തിര യോഗം 2026 ജനുവരി മാസം 27-ാം തീയതി ചൊവ്വാഴ്ച 03:00 PM-ന് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ ഹാളിൽ ചേരുന്നതാണ്. യോഗത്തിന്റെ അജണ്ട താഴെ ചേർക്കുന്നു. യോഗത്തിൽ എല്ലാ കൗൺസിലർമാരും പങ്കെടുക്കേണ്ടതാണ്.

Dr Niji Justin
Mayor

## അജണ്ട

### വിഷയങ്ങൾ

1. **വിഷയം (ഫയൽ നമ്പർ - 1896424-2024)**

തൃശ്ശൂർ കോർപ്പറേഷൻ -പൊതുജനാരോഗ്യവിഭാഗം -താത്കാലിക ദിവസ വേതനാടിസ്ഥാനത്തിൽ ശുചീകരണ തൊഴിലാളികളുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം -സംബന്ധിച്ച് .

**വിവരണം**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ പരിധിയിലുള്ള വിവിധ സർക്കിളിലെയും സോണലിലെയും **56** ഡിവിഷനുകളിൽ **68** താൽകാലിക ദിവസവേതനശുചീകരണ തൊഴിലാളികളുടെ ഒഴിവുകൾ നികത്തുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും **787** ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമായതിൻ പ്രകാരം ഇന്റർവ്യൂ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും **430** പേർ ഇന്റർവ്യൂന് ഹാജരായിട്ടുള്ളതുമാണ്. ഹാജരായ എല്ലാ ഉദ്യോഗാർത്ഥികളുടെയും സംവരണാടിസ്ഥാനത്തിലും മാർക്കിന്റെ അടിസ്ഥാനത്തിലുമുള്ള മുൻഗണനലിസ്റ്റ് തയ്യാറാക്കി ബഹു.കാൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.
കുറിപ്പ് :-. **1.** ധീവര വിഭാഗത്തിൽ നിന്ന് **11** പേരുടെ ലിസ്റ്റ് ലഭ്യമായതിൽ ആരും തന്നെ ഇന്റർവ്യൂന് ഹാജരായിട്ടില്ല. സംവരണ വിഭാഗത്തിനുള്ള ഒഴിവുകളിൽ ആ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ നിയമിക്കാൻ പാടുള്ള എന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള നിർദ്ദേശ പ്രകാരം ,ടി വിഭാഗത്തിലെ ഒരു വേക്കൻസി നികത്തുവാൻ സാധിച്ചിട്ടില്ല.

**2**. CCM ശ്രീ .അജിത്ത് . വി. പി ,രണ്ടാം സർക്കിൾ SPHI ശ്രീ . ഷാജു എ ജെ ,6-ാം സർക്കിൾ SPHI ശ്രീ .ജയപ്രകാശ് . ജെ, 1-ാം സർക്കിൾ SPHI ശ്രീ. മനേഷ് ബാബു , ഹെൽത്ത് സൂപ്രണ്ട് ആയ ശ്രീമതി . രജിനി കെ.എം., ശ്രീ . സുനിൽ ബാബു . ജി എന്നിവർ ഉദ്യോഗാർത്ഥികളുമായി കൂടിക്കാഴ്ച നടത്തുകയും മാർക്കിന്റെ അടിസ്ഥാനത്തിൽ സംവരണതത്വം പാലിച്ച് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തിയിട്ടുള്ളതുമാണ്. അപ്രകാരം തയ്യാറാക്കിയ 67 താത്കാലിക ശുചീകരണ തൊഴിലാളികളുടെ ലിസ്റ്റ് അംഗീകരിക്കുന്നതിനായി ക്ലീൻ സിറ്റി മാനേജർ ശുപാർശ നല്കിയിട്ടുള്ളതാണ്.

**3** . ലിസ്റ്റ് അനുബന്ധ ചേർക്കുന്നു

2. **വിഷയം (ഫയൽ നമ്പർ - 276247-2024)**

2025-26 വാർഷിക പദ്ധതി ഭേദഗതി -സംബന്ധിച്ച്

**വിവരണം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12/1/2026 ലെ സ.ഉ(സാ.ധ) 90/2026/LSGD നം ഉത്തരവ് പ്രകാരം അനുമതി നല്കിയിട്ടുള്ളതാണ് . ആയത് കൌൺസിൽ പരിഗണനയ്ക്കായ്

**കുറിപ്പ്**-1. 2026 ജനുവരി 31 നു മുൻപായി ഭേദഗതി വരുത്തിയ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

2. 2025-26 വാർഷിക പദ്ധതി ഭേദഗതിയുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട ഭേദഗതികൾ ലഭ്യമായ ഫണ്ടുകളുടെ പരിമിതിക്കുള്ളിൽ നിലനിർത്തികൊണ്ട് പദ്ധതി വാലിഡേഷന് അനുസൃതമായി ഭേദഗതി ചെയ്യുന്നതിന് 17/01/2026 ലെ വികസനകാര്യ സ്റ്റാന്റിംങ്ങ് കമ്മറ്റി 1 ആം നമ്പർ തീരുമാന പ്രകാരം ശുപാർശ ചെയ്തിട്ടുള്ളതാണ്.

എഞ്ചിനിയറിംങ്ങ് വിഭാഗവുമായി ബന്ധപ്പെട്ട് ലോണിൽ ഏറ്റെടുത്ത് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും, 2026 മാർച്ച് 31 നുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുമെന്ന് ഉറപ്പുള്ള

പദ്ധതികൾ ലഭ്യമായ ഫണ്ടുകളിലേക്ക് ഉൾക്കൊള്ളിച്ച് പ്രസ്തുത പദ്ധതികൾ ഭേദഗതി ചെയ്യുന്നതിന് വികസനകാര്യ സ്റ്റാന്റിംങ്ങ് കമ്മറ്റി 1 ആം നമ്പർ തീരുമാന പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

അടിയന്തിരമായി ഏറ്റെടുക്കേണ്ട പദ്ധതികൾ ഏറ്റെടുക്കുന്നതിനും , സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കുവാൻ കഴിയാതെ വരുന്ന പദ്ധതികൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കിയും 2025-26 വാർഷിക പദ്ധതി ഭേദഗതി ചെയ്ത് സമയബന്ധിതമായി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംങ്ങ് കമ്മറ്റി 1 ആം നമ്പർ തീരുമാന പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3. **വിഷയം (ഫയൽ നമ്പർ - 276247-2024)**

ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരണം -സംബന്ധിച്ച്

**വിവരണം**

അമൃത് 2.0 പദ്ധതിയുമായി ബന്ധപ്പെട്ട് തൃശൂർ കോർപ്പറേഷന് ലഭിക്കാൻ അർഹതയുള്ളതും ഭരണാനുമതി ലഭിക്കേണ്ടതുമായ 290.43 കോടി രൂപയുടെ 33.33 ശതമാനം തുകയായ 96.8 കോടി രൂപ നഗരസഭ വിഹിതമായി കണ്ടെത്തേണ്ടതുണ്ട്. നിലവിൽ 279.79 കോടി രൂപക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. അമൃത് 2.0 യുടെ

നടത്തിപ്പുമായി ബന്ധപ്പെട്ട് നഗരസഭ വിഹിതം നിജപ്പെടുത്തികൊണ്ട് (33.33 ശതമാനം ) സർക്കാർ തലത്തിൽ ഉത്തരവ് പുറപ്പെടുവിപ്പിച്ചിട്ടുള്ളതാണ്. ആയത് ഇതോടൊപ്പം അറ്റാച്ച് ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് തീയ്യതിയിൽ തന്നെ അമൃത് 2.0 യുടെ നടത്തിപ്പുമായി ബന്ധപ്പെട്ട മുഴുവൻ തുകയുടെയും (290.43 കോടി രൂപ) ആനുപാതികമായ നഗരസഭ വിഹിതം (33.33 ശതമാനം തുക 96.8 കോടി രൂപ) മിഷൻ ഡയറക്ടർ അമൃത്2.0 - ULB Share എന്ന പേരിലുള്ള തിരുവനന്തപുരത്തുള്ള IDBI ബാങ്കിന്റെ തൈക്കാട് ബ്രാഞ്ചിലുള്ള 7468785906 നം അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് ആവശ്യപ്പെട്ട് അമൃത് മിഷൻ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും കത്ത് ലഭിച്ചിട്ടുള്ളതുമാണ്. ഇതേ തുടർന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട് 06/02/2024 ന് നഗരസഭ വിഹിതമായി കണ്ടെത്തേണ്ട 33.33 ശതമാനം തുകക്ക് വായ്പ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട്കൊണ്ട് കോർപ്പറേഷനിൽ നിന്നും ബഹു.പ്രിൻസിപ്പൽ ഡയറക്ടർക്ക് കത്ത് നൽകിയെങ്കിലും ആയതിൽ നാളിതുവരെയായിട്ടും തീരുമാനം ആയിട്ടില്ലാത്തതാണ്. നിലവിൽ ഭരണാനുമതി ലഭിച്ച 279.79 കോടി രൂപയുടെ 33.33 ശതമാനം തുകയായ 93.25 കോടി രൂപ കണ്ടെത്തേണ്ടതുണ്ട്. ഭരണാനുമതി ലഭിച്ച് നാളിതുവരെയായിട്ടും ആയത് കണ്ടെത്തുവാൻ സാധിച്ചിട്ടില്ല .ആയതിനാൽ 2025-26 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷനു ലഭ്യമായ പ്ലാൻഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും ചെലവഴിക്കാൻ സാധിക്കാതെ വരുന്ന തുക ഭരണാനുമതി ലഭിച്ച അമൃത് 2.0 പദ്ധതിയുടെ നഗരസഭ വിഹിതത്തിനായി കണ്ടെത്തുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം സുലേഖ സോഫ്റ്റ് വെയറിൽ ജി.ഒ പ്രോജക്ട് അനുവദിച്ച് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അമൃത് മിഷൻ ഡയറക്ടർക്ക് കത്ത് നൽകുന്നതിന് ബഹു.മേയർ 08/01/2026 ന് മുൻകൂർ അനുമതി നൽകിയിട്ടുള്ളതാണ്. ആയത് കൌൺസിൽ സാധൂകരണത്തിന്

**കുറിപ്പ്** - 1. കഴിഞ്ഞ സാമ്പത്തിക വർഷവും, നടപ്പ് സാമ്പത്തിക വർഷവും തൃശൂർ കോർപ്പറേഷന്റെ തനത് ഫണ്ടിൽനിന്നും 60 കോടി രൂപക്ക് പദ്ധതി ഏറ്റെടുത്തു വരുന്നുണ്ട്. ആയതിനാൽ, തനത് വരുമാനം മുഖേന അമൃത് 2.0 പദ്ധതിയുടെ നഗരസഭാവിഹിതം കണ്ടെത്തുകയെന്നത് പ്രയാസകരമാണ്.

2. കണ്ടെത്തേണ്ട നഗരസഭ വിഹിതത്തിന് വേണ്ടി വായ്പ അനുവദിക്കുന്നത് സംബന്ധിച്ച് ബഹു. പ്രിൻസിപ്പൽ ഡയറക്ടർക്ക് 06/02/2024 ന് കത്ത് നൽകിയെങ്കിലും ആയതിൽ നാളിതുവരെയായിട്ടും അനുമതി ലഭ്യമായിട്ടില്ലാത്തതാണ്.

3. തൃശൂർ കോർപ്പറേഷൻ അമൃത്2.0 യിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ളതും അംഗീകാരം ലഭിച്ചിട്ടുള്ളതുമായ പദ്ധതികളുടെ നിലവിലെ അനുമതി പ്രകാരമുള്ള കാലാവധി 2026 മാർച്ച് മാസത്തിൽ അവസാനിക്കുന്നതാണ്.

4. **വിഷയം (ഫയൽ നമ്പർ - 342093-2026)**

സ്കൂൾ കലോത്സവത്തോടനുബന്ധിച്ച മാലിന്യങ്ങൾ fstp യിലേക്ക് സംസ്കരിക്കുന്ന പ്രവൃത്തിക്ക് മുൻകൂർ അനുവദിച്ച ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് ഭക്ഷണം പാകം ചെയ്യുന്ന സ്ഥലങ്ങളിലെ മലിന ജലവും ,E -ടോയ്ലറ്റ് ( 40 എണ്ണം ) കളിൽ നിന്നുമുള്ള മാലിന്യവും വിൽവട്ടം മേഖല പരിധിയിലെ FSTP യിലും , ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള STP യിലും സംസ്കരിക്കുന്നതിനായി നിലവിൽ FSTP യിലേക്ക് മാലിന്യം എത്തിക്കുന്ന കരാറുകാരന് ടി പ്രവൃത്തി ചെയ്യുന്നതിന് 13/01/2026 തീയ്യതിയിലെ ബഹു : മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിന് ബഹു കൗൺസിൽ മുൻപാകെ

കുറിപ്പ് :
1 നിലവിൽ fstp യിലേക്ക് മാലിന്യം എത്തിക്കുന്നതിന് 6,000 ലിറ്റർ കപ്പാസിറ്റി ഉള്ള ടാങ്കർ ലോഡ് ഒന്നിന് 4,000/- രൂപ നിരക്കിലാണ് അശോകൻ കെ ബി എന്നവർക്ക് നൽകിവരുന്നത് .
2 ടി പ്രവൃത്തി ചെയ്യുന്നതിന് അശോകൻ കെ ബി എന്നവർക്ക് അനുമതി നൽകുന്നതിനായി ബന്ധപ്പെട്ട ബഹു : ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മുൻപാകെ സമർപ്പിക്കുകയും ,ബഹു മേയർ മുൻപാകെ അനുമതിക്കായി ശുപാർശ ചെയ്തിട്ടുള്ളതുമാണ് ..
3 തൃശ്ശൂർ പൂരത്തിനോടനുബന്ധിച്ച് മാലിന്യം സംസ്കരിക്കുന്നതിനു ടെൻഡർ ലഭിച്ചത് ലോഡ് ഒന്നിന് 5,500/- രൂപയാണ് , മുൻ കാലങ്ങളിലേതിൽ നിന്നും ടി തുക കുറവാണ്.

5. **വിഷയം (ഫയൽ നമ്പർ - 5430826-2025)**

തൃശ്ശൂർ കോർപ്പറേഷൻ -പൊതുജനാരോഗ്യ വിഭാഗം- എ ബി സി പ്രോഗ്രാമുകളുടെ സുഗമമായ നടത്തിപ്പിന് ജനകീയ സർവ്വകക്ഷി സമിതി രൂപീകരണം - സംബന്ധിച്ച്

**വിവരണം**

സൂചന 1.ബഹു. ത.സ്വ.ഭ.വ മന്ത്രിയുടെ ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ 16/07/2025 തിയ്യതി 11.30 ന് ചേർന്ന യോഗ തീരുമാനം
2. ബഹു പ്രിൻസിപ്പൽ ഡയറക്ടറുടെ 24/09/2025 തിയ്യതിയിലെ LSGD/PD/47243/2023-PH2 നമ്പർ കത്ത്.
3. 24/10/2025 ലെ തദ്ദേശസ്വയംഭരണ (ആർ സി) വകുപ്പ് സ.ഉ(കൈ)നം 192/2025/LSGD നമ്പർ ഉത്തരവ്
4. 10/11/2025 ലെ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ44-ാം നമ്പർ തീരുമാനം
സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന തെരുവുനായ ആക്രമണങ്ങൾ തടയുന്നതിനും തെരുവുനായകളുടെ എണ്ണം നിയന്ത്രിക്കുന്നതിനും സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനു ചേർന്ന സൂചന (1) യോഗത്തിൽ തെരുവുനായകളുടെ നിയന്ത്രണത്തിന്റെ ഭാഗമായി സ്ഥാപിക്കുന്ന എ ബി സി സെന്ററുകളുടെ പ്രവർത്തനം തടസപ്പെടാതിരിക്കാനും ആയതിന്റെ മേൽ നോട്ടത്തിനുമായി ജനകീയ സർവ്വകക്ഷി സമിതികൾ തദ്ദേശസ്ഥാപനങ്ങളിൽ രൂപീകരിക്കന്നതിനായി പ്രസ്തുത ജനകീയ സർവ്വകക്ഷി സമിതിയുടെ ഘടന സംബന്ധിച്ച വിശദാംശങ്ങൾ സൂചന (2) പ്രകാരം നൽകിയിട്ടുള്ളതായിരുന്നു. ആയത് സർക്കാർ വിശദമായി പരിശോധിച്ച് സംസ്ഥാനത്ത് എ ബി സി പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും മേൽ നോട്ടത്തിനുമായി സർക്കാർ ജനകീയ സർവ്വകക്ഷി സമിതി രൂപീകരിക്കുന്നതിന് സൂചന (3) പ്രകാരം ഉത്തരവായിട്ടുണ്ട്. ജനകീയ സർവ്വകക്ഷി സമിതി ഘടനയോടു കൂടിയ സൂചന (3) ഉത്തരവ് സൂചന (4) ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ബഹുമാനപ്പെട്ട കൌൺസിൽ പരിഗണനക്കായി സമപ്പിക്കുന്നു.
ജനകീയ സർവ്വകക്ഷി സമിതി ഘടന
1. ചെയർപേഴ്സൺ - തദ്ദേശ സ്ഥാപന അധ്യക്ഷൻ
2. വൈസ് ചെയർപേഴ്സൺ - ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
3. സെക്രട്ടറി - തദ്ദേശ സ്ഥാപന സെക്രട്ടറി
4. വിവധ രാഷ്ട്രീയ പാർട്ടികൾ നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധി
5. മൃഗസംരക്ഷണ ഓഫീസർ (കോ കൺവീനർ)
6. എ ബി സി സെൻറർ സ്ഥാപിക്കുന്ന വാർഡിലെ ജനപ്രതിനിധി
7. വെറ്റിനറി ഡോക്ടർ
8. പി എച്ച് സി മെഡിക്കൽ ഓഫീസർ/ഹെൽത്ത് ഇൻസ്പെക്ടർ
9. കുടുംബശ്രീ പ്രതിനിധി(എ ബി സി പ്രവർത്തനങ്ങൾ സംബന്ധിച്ച് പരിശീലനം ലഭിച്ചവർ)

10. മൃഗസംരക്ഷണമുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എൻ ജി ഒ കളുടെ പ്രതിനിധി (മോണിറ്ററിംഗ്)
11. വിവധ വാർഡുകളിലെ സ്ഥിരതാമസക്കാരായ ആളുകളിൽ നിന്നും ഒരാൾ
12. പോലീസ് /ലീഗൽ അഡ്വൈസ്സർ
13. വനപ്രദേശം പങ്കിടുന്ന സ്ഥലത്തെ വനം വകുപ്പ് ഉദ്യോഗസ്ഥൻ
കുറിപ്പ് . എ ബി സി പദ്ധതി സംബന്ധിച്ചും പോർട്ടബിൾ എ ബി സി സെൻററുകളിൽ നടത്തുന്ന വാക്സിനേഷൻ ഷെൽട്ടറിങ്ങ് എന്നിവ സംബന്ധിച്ചു പ്രദേശത്തെ ജനങ്ങളെ ബോധവല്കരിക്കുകയും പ്രാദേശികമായി ഉണ്ടാകാവുന്ന ആശങ്കകൾ ദൂരീകരിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തി എ ബി സി സെൻററുകളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനും സുഗമമായ പ്രവർത്തനത്തിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് തദ്ദേശ തലത്തിലുള്ള ജനകീയ സർവ്വകക്ഷി കമ്മിറ്റിയുടെ ചുമതലയാണ്

6. **വിഷയം (ഫയൽ നമ്പർ - 5886645-2025)**

തൃശ്ശൂർ കോർപ്പറേഷൻ - ആരോഗ്യ വിഭാഗം- അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന തെരുവു നായക്കളെ സംബന്ധിച്ച് സർവ്വേ നടത്തുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ വെറ്റിനറി സർജൻ എബിസി നോഡൽ ഓഫീസർ ഡോ. വീണ കെ അനിരുദ്ധന് അഡ്വാൻസ് അനുവദിച്ച കോർപ്പറേഷൻ മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കേണ്ടത് സംബന്ധിച്ച്

**വിവരണം**

സൂചന: 1. 13/11/2025 തിയ്യതിയിലെ മേയറുടെ മുൻകൂർ അനുമതി
തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ വിവിധ പ്രദേശങ്ങളിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന തെരുവു നായ്ക്കളെ സംബന്ധിച്ച് സർവ്വേ നടത്തുന്നതിന് മേൽ സൂചന (1) പ്രകാരമുള്ള ബഹു. മേയറുടെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ എബിസി നോഡൽ ഓഫീസർ ഡോ. വീണ കെഅനിരുദ്ധൻ എന്നവർക്ക് 1,10,000/- രൂപ അഡ്വാൻസ് അനുവദിച്ചിരുന്നു. ബഹു. മേയറുടെ മുൻകൂർ അനുമതി പ്രകാരം അഡ്വാൻസ് അനുവദിച്ചത് സാധൂകരിക്കുന്ന വിഷയം കൌൺസിൽ പരിഗണനക്ക് സമർപ്പിക്കുന്നു.
കുറിപ്പ് - 21/11/2025 തീയതിയിൽ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനായി അജണ്ട സമർപ്പിച്ചപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കൗൺസിലർമാർ വ്യാപൃതരായിരിക്കുന്നതിനാലും, അന്നത്തെ കൗൺസിലിലെ ഏകദേശം 20-ൽ പരം കൗൺസിലർമാർ സ്ഥാനാർത്ഥികളായതിനാൽ ഉണ്ടായ തിരക്കിനെ തുടർന്നും, കൗൺസിൽ യോഗം ചേരുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടായിരുന്നു. ആയതിനാൽ പുതിയ കൗൺസിൽ നിലവിൽ വരുമ്പോൾ അജണ്ട സമർപ്പിക്കണമെന്ന നിർദേശമാണ് ലഭിച്ചിരുന്നു.

7. **വിഷയം (ഫയൽ നമ്പർ - 6569688-2025)**

തൃശ്ശൂർ കോർപ്പറേഷൻ - ജല വിതരണ വിഭാഗം - താൽക്കാലിക ഓവർസിയർ ഗ്രേഡ് 1 ഗ്നസ്തിക - ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

ജലവിതരണ വിഭാഗത്തിൽ താൽക്കാലിക ഓവർസിയർ ഗ്രേഡ് 1 തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതയായിരുന്ന ശ്രീമതി. സിന്തോൾ കെ എ എന്നവരുടെ നിയമന കാലാവധി 11/12/2025 തിയതിയിൽ പൂർത്തീകരിച്ചതിനെ തുടർന്ന്

ടിയാളെ ജോലിയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതാണ്. ടി ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.
ജല വിതരണ വിഭാഗത്തിൽ അടിയന്തിര ദൈനംദിന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യേണ്ടതുള്ളതിനാൽ , എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനനടപടികൾ പൂർത്തിയായി നിയമനം നടത്തുന്ന വരെ ഓഫീസ് പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനായി ടി തസ്തികയിൽ പ്രവൃത്തി പരിചയമുള്ള ജീവനക്കാരെ തന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനനടപടികൾ പൂർത്തീകരിക്കുന്നതുവരെ താൽക്കാലികമായി നിയമിക്കുന്നത് അഭികാമ്യമാണ്.
ശ്രീമതി. സിന്തോൾ കെ എ, ടി തസ്തികയിൽ താൽക്കാലിക നിയമനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണളളതാണ്. ടിയാരിക്ക് ടി തസ്തികയിൽ പ്രവർത്തി പരിചയമുള്ളതിനാലും , എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും പുതിയ ലിസ്റ്റ് ലഭ്യമാകാത്ത സാഹചര്യത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനനടപടികൾ പൂർത്തീകരിക്കുന്നതുവരെക്കും ടിയാരിയെ താൽക്കാലികമായി നിയമിക്കുന്നതിന് ബഹു മേയറുടെ അനുമതിക്കായി ഫയൽ സമർപ്പിക്കുകയും , ആയതിന് ബഹു മേയർ 08/01/2026 ന് അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്.
ബഹു മേയറുടെ മുൻകൂർ അനുമതി ബഹു കൌൺസിലിന്റെ സാധൂകരണത്തിനായി സമർപ്പിക്കുന്നു.

8. **വിഷയം (ഫയൽ നമ്പർ - 313092-2026)**

സെൻസസ് 2027 -വിവിധ സെൻസസ് ഓഫിസർമാരെ നിയമിച്ചുകൊണ്ടുള്ള സർക്കാർ വിജ്ഞാപനം

**വിവരണം**

സെൻസസ് 2027 ൻറെ ഭാഗമായി വിവിധ സെൻസസ് ഓഫിസർമാരെ നിയമിച്ചുകൊണ്ടുള്ള കേരള ഗസറ്റ് വിജ്ഞാപനം(Extra ordinary) No .4380 dtd 29 12 .2025 പകർപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സെൻസസ് പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും പ്രസ്തുത വിഷയം ബന്ധപ്പെട്ട എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തി നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കണമെന്നും അറിയുച്ചുകൊണ്ട് ജില്ലാ കലക്ടറിൽ നിന്നും ലഭ്യമായിട്ടുണ്ട്.. പ്രസ്തുത വിഷയം ബഹു കൗൺസിൽ അറിവിലേക്കായി

9. **വിഷയം (ഫയൽ നമ്പർ - 1993010-2025)**

തൃശ്ശൂർ കോർപ്പറേഷൻ മനസ്സോടിത്തിരി മണ്ണ്- ഭൂമി കൈമാറ്റം സംബന്ധിച്ച്

**വിവരണം**

ലൈഫ് പദ്ധതിയുമായി ബന്ധപെട്ടു സർക്കാർ ഏറ്റെടുത്തിട്ടുള്ള ഭൂരഹിത ഭവനരഹിതർക്ക് ഭവനനിർമ്മാണം ലക്ഷ്യമിട്ടുള്ള മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻറെ ഭാഗമായി തൃശൂർ കോർപ്പറേഷൻ പരിധിയിൽ വിൽവട്ടം വില്ലേജിലെ Re survey 75/102 ഉൾപ്പെട്ട സ്ഥലത്തിലെ 18 സെൻറ് ഭൂമിയും അതിലെ പുരയിടവും സൗജന്യമായി വിട്ടുതരുന്നതിന് ശ്രീ.ശിവദാസ്.കെ.എം, കളപ്പുരക്കൽ ഹൗസ് എന്നവർ തയ്യാറായിട്ടുണ്ട് .ആയത് പ്രകാരം ടി സ്ഥലം കോർപ്പറേഷന് വിട്ടു നൽകുന്നതിനുള്ള പ്രാരംഭ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനായി ബഹു. കൌൺസിൽ അനുമതിക്കായി സമർപ്പിക്കുന്നു.

10. **വിഷയം (ഫയൽ നമ്പർ - 2631414-2024)**

തൃശ്ശൂർ കോർപ്പറേഷൻ -ആരോഗ്യ വിഭാഗം-തെരുവുനായ സംരക്ഷണവുമായി ബന്ധപ്പെട്ട കത്ത് - നടപടി സ്വീകരിക്കേണ്ടത് - സംബന്ധിച്ച്

**വിവരണം**

സൂചന: 1. 21/11/2024 ൽ PAWS എന്ന സംഘടന സമർപ്പിച്ച കത്ത്
2. 25/09/2025 തിയ്യതിയിലെ 7-ാം നമ്പർ ഹെൽത്ത് ത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം
തെരുവുനായ സംരക്ഷണവുമായി ബന്ധപ്പെട്ട് കേരളത്തിലുടനീളം ഗുരുതരമായ പ്രശ്നമായ മനുഷ്യ-മൃഗ സംഘർഷങ്ങൾ പരിഹരിക്കുന്നതിനായി, PAWS പോലെയുള്ള എൻജിഒ കളുമായി കോർപ്പറേഷൻ സഹകരിക്കണമെന്ന് രേഖപ്പെടുത്തി ഈ ഓഫീസിലേക്ക് കത്ത് നൽകിയിട്ടുണ്ട്.
PAWS ഈ കത്തിൽ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. ആയവ താഴെ ചേർക്കുന്നു.
1."രക്ഷപ്പെടുത്തിയ മൃഗങ്ങളിൽ കുറഞ്ഞത് ഒരു നിശ്ചിത എണ്ണമെങ്കിലും സൂക്ഷിക്കുന്നതിനായി ഒരു സ്ഥലം നൽകുക.
2.ഹൈക്കോടതി ഉത്തരവ് അനുസരിച്ച് PAWSമായി സഹകരിച്ച് ഫീഡർമാർക്കെതിരായ പീഡനങ്ങൾ ഒഴിവാക്കുന്നതിനായി ഫീഡിംഗ് പോയിന്റുകൾ നിർദ്ദേശിക്കുക
3.രക്ഷപ്പെടുത്തി ചികിത്സിച്ച ശേഷം ആരോഗ്യമുള്ള മൃഗങ്ങളെ വിട്ടയയ്ക്കുന്നതിന് മുൻപ് സ്റ്റെറിലൈസേഷൻ നടത്തുന്നതിനായി ABC സെന്ററിലേക്ക് കൊണ്ടുവരാൻ അനുമതി നൽകുക.
4. സ്വന്തം വളർത്തുമൃഗങ്ങളെയും കമ്മ്യൂണിറ്റി ഫീഡർമാർ പരിചരിക്കുന്ന മൃഗങ്ങളെയും സ്റ്റെറിലൈസേഷൻ നടത്തുന്നതിനായി ABC സെന്ററിലേക്ക് കൊണ്ടുവരാൻ അനുമതി നൽകുക.
5. 'ഇൻസിനറേറ്റർ' പദ്ധതി പൂർത്തിയാക്കി, ആരംഭത്തിൽ 5 വർഷത്തേക്ക് ആ സൗകര്യം PAWSമായി നടത്താൻ അനുമതി നൽകുക.
25/09/2025 തിയ്യതിയിലെ 7-ാം നമ്പർ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാന പ്രകാരം PAWS സമർപ്പിച്ച കത്ത് ബഹു കൌൺസിലിൻറെ പരിഗണനക്കായും നിർദ്ദേശത്തിനായും സമർപ്പിക്കുന്നു.

11. **വിഷയം (ഫയൽ നമ്പർ - 928634-2025)**

PC5- പകൽ വീടുകളെ "സായംപ്രഭ ഭവന പദ്ധതി" യിൽ ഉൾപ്പെടുത്തി പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്ന പകൽ വീടുകളെ പ്രദേശത്തുള്ള എല്ലാ വയോജനങ്ങൾക്കും ഉതകുന്ന രീതിയിൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "സായംപ്രഭ ഭവന പദ്ധതി". ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരുമായി ബന്ധപ്പെട്ട് പകൽവീടുകളെ സായംപ്രഭ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച ബഹു.പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/27942/2024-EMP3 DTD:14/08/2024 നമ്പർ കത്ത് ബഹു.ജോയിന്റ് ഡയറക്ടർ മുഖേന നഗരസഭയിൽ ലഭ്യമായിട്ടുള്ളത് ബഹു.കൌൺസിൽ മുമ്പാകെ ,
കുറിപ്പ് : 1) ബഹു.പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/27942/2024-EMP3 DTD:14/08/2024 നമ്പർ കത്ത് അനുബന്ധ ചേർക്കുന്നു .
2) പദ്ധതിയുടെ നിലവിലെ മാനദണ്ഡപ്രകാരം കെയർഗിവർമാരുടെ പ്രതിമാസ വേതനത്തിൽ 7000/- രൂപ സാമൂഹ്യനീതി വകുപ്പും ആവശ്യമായി വരുന്ന അധികതുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുംവഹിക്കേണ്ടതാണ്.

12. **വിഷയം (ഫയൽ നമ്പർ - 6826917-2025)**

തൃശ്ശൂർ കോർപ്പറേഷൻ - ജല വിതരണ വിഭാഗം - താൽക്കാലിക അസി.എഞ്ചിനീയർ തസ്തിക നിയമനം - ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

ജലവിതരണ വിഭാഗത്തിൽ താൽക്കാലിക അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതയായിരുന്ന ശ്രീമതി.അശ്വതി കെ ആർ എന്നവരുടെ നിയമന കാലാവധി 26/12/2025 തിയതിയിൽ പൂർത്തീകരിച്ചതിനെ തുടർന്ന് ടിയാളെ ജോലിയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതാണ്.ടി ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

ജല വിതരണ വിഭാഗത്തിൽ അടിയന്തിര ദൈനംദിന പ്രവർത്തികൾ ചെയ്യേണ്ടതുള്ളതിനാൽ ടി ഒഴിവിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമുള്ള നിയമന നടപടികൾ പൂർത്തിയാകുന്നത് വരെ ടി തസ്തിക ഒഴിച്ചിടുന്നത് ഓഫീസ് പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്. മേൽ സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമന നടപടികൾ പൂർത്തിയാകുന്നത് വരെ ടി തസ്തികയിൽ പ്രവർത്തി പരിചയമുള്ള ജീവനക്കാരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കേണ്ടതായിട്ടുണ്ട്.

ശ്രീമതി. അശ്വതി കെ ആർ, എന്നവർ ടി തസ്തികയിൽ താൽക്കാലിക നിയമനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും പുതിയ ലിസ്റ്റ് ലഭ്യമാകാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനനടപടികൾ പൂർത്തീകരിക്കുന്നതുവരെക്കും ടിയാരിയെ താൽക്കാലികമായി നിയമിക്കുന്നതിനായി ബഹു മേയർ 08/01/2026 ന് അനുമതി നൽകിയിട്ടുള്ളതാണ്. ബഹു മേയറുടെ മുൻകൂർ അനുമതി കൌൺസിൽ സാധൂകരണത്തിനായി സമർപ്പിക്കുന്നു.

13. **വിഷയം (ഫയൽ നമ്പർ - 5281156-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ആറാം ഡിവിഷൻ രാമവർമ്മപുരം - "പുതിയ പാല" ത്തിന്റെ നിർമ്മാണോദ്ഘാടനം - മുൻകൂർ അനുമതി സാധൂകരണം സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ആറാം ഡിവിഷൻ രാമവർമ്മപുരം "പുതിയ പാല" ത്തിന്റെ നിർമ്മാണോദ്ഘാടനം 27-10-2025 ന് ബഹു. തൃശ്ശൂർ എം എൽ എ ശ്രീ. പി ബാലചന്ദ്രൻ നിർവ്വഹിക്കുന്നതിന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾക്കായി വിൽവട്ടം സോണൽ അസി.എഞ്ചിനീയർ ശ്രീമതി സിനി തോമസിന് മുൻകൂർ അനുവദിക്കണമെന്നു ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ബഹു മേയർ മുൻകൂർ അനുമതി നൽകിയിട്ടുള്ളതാണ്. അഡ്വാൻസ് അനുവദിക്കുന്നതിനു അപേക്ഷിച്ചത് പ്രകാരം 25,000/- രൂപ അസി.എഞ്ചിനീയർ ശ്രീമതി സിനി തോമസ് എന്നവർക്ക് മുൻകൂറായി അനുവദിച്ചിട്ടുള്ളതുമാണ്. ബഹു മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരണത്തിനായി ബഹു.കൗൺസിൽ മുൻപാകെ സമർപ്പിക്കുന്നു.

14. **വിഷയം (ഫയൽ നമ്പർ - 5274745-2025)**

ഒല്ലൂർ സോണൽ ഡിവിഷൻ 29 ലെ കമ്മ്യൂണിറ്റി ഹാൾ ഉദ്ഘാടനം -ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ-29 ൽ ബഹു ഒല്ലൂർ എം എൽ എ യുടെ ആസ്തി വികസന ഫണ്ടും കോർപ്പറേഷൻ ഫണ്ടും ഉപയോഗിച്ച് നിർമ്മിച്ച കമ്മ്യൂണിറ്റി ഹാളിന്റെ ഉദ്ഘാടനം 20.10.2025 തിയ്യതി ബഹു മേയറുടെ അദ്ധ്യക്ഷതയിൽ ബഹു റവന്യൂ വകുപ്പ് മന്ത്രി അഡ്വ.കെ.രാജൻ അവർകൾ നിർവ്വഹിച്ചിട്ടുള്ളതാണ്. ആയതിന്റെ ക്രമീകരണങ്ങൾക്കായി ബഹു.മേയറുടെ മുൻകൂർ അനുമതി പ്രകാരം 75,000/-രൂപ ഒല്ലൂർ സോണൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.സുജ ജോർജ് എന്നവർക്ക് അഡ്വാൻസ് അനുവദിച്ചിട്ടുള്ളതാണ്. ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനായി ബഹു.കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

15. **വിഷയം (ഫയൽ നമ്പർ - 527809-2026)**

തൃശ്ശൂർ കോർപ്പറേഷൻ 2024-25,2025-26 സാമ്പത്തിക വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ ടെണ്ടർ/ക്വട്ടേഷൻ എന്നിവക്ക് ബഹു കൗൺസിൽ അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ 2025-26 സാമ്പത്തിക വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ 10.11.2025, 13.11.2025,09.01.2026 തിയ്യതികളിലെ ടെണ്ടറുകൾക്കും, 24.12.2025,08.01.2026 തിയ്യതികളിലെ ക്വട്ടേഷനുകൾക്കും അംഗീകാരത്തിനായി ബഹു കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.
കുറിപ്പ്
1) പ്രവൃത്തികളുടെ വിശദാംശങ്ങൾ അറ്റാച്ച് ചെയ്തിട്ടുണ്ട് .

16. **വിഷയം (ഫയൽ നമ്പർ - 6271941-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - വ്യവഹാര വിഭാഗം - ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ സ്റ്റാൻഡിംഗ് കൌൺസലിന് ബഹു. മേയറുടെ മുൻകൂർ അനുമതി പ്രകാരം വക്കീൽ ഫീസ് അനുവദിച്ച നടപടിയ്ക്ക് സാധൂകരണം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

**വിവരണം**

ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ താഴെ പറയുന്ന കേസുകളിൽ കോർപ്പറേഷനു വേണ്ടി ഹാജരായ വകയിൽ വക്കീൽ ഫീസ് അനുവദിക്കുന്നതിനായി സ്റ്റാൻഡിംഗ് കൌൺസൽ അഡ്വ.ബി. വാസുദേവൻ നായർ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ബഹു. മേയറുടെ മുൻകൂർ അനുമതി പ്രകാരം 1,35,000/- രൂപ വക്കീൽ ഫീസായി അനുവദിച്ചിരുന്നു.ആയത് ബഹു.കൌൺസിലിന്റെ സാധൂകരണത്തിനായി സമർപ്പിക്കുന്നു.

| ക്രമ നമ്പർ | കേസ് നമ്പർ | ബിൽ തുക | അനുവദിക്കാവുന്ന തുക |
|---|---|---|---|
| 1 | OA(EKM)575/2019 | 15000 | 15000 |
| 2 | OA(EKM)656/2020 | 15000 | 15000 |
| 3 | OA(EKM)1230/2020 | 15000 | 15000 |

| | | | |
|---|---|---|---|
| 4 | OA(EKM)1606/2020 | 15000 | 15000 |
| 5 | OA(EKM)247/2021 | 15000 | 15000 |
| 6 | OA(EKM)541/2021 | 15000 | 15000 |
| 7 | OA(EKM)1122/2022 | 15000 | 15000 |
| 8 | OA(EKM)1123/2022 | 15000 | 15000 |
| 9 | OA(EKM)414/2023 | 15000 | 15000 |
| | **ആകെ** | | **1,35,000/- ( ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപ മാത്രം )** |

കുറിപ്പ്:

1. ടി. കേസുകളെല്ലാം തന്നെ തീർപ്പായിട്ടുള്ളതും മുൻകൂറായി അഭിഭാഷകന് ഫീസ് അനുവദിച്ചിട്ടില്ലാത്തതുമാണ്.
2. പ്രസ്തുത കേസുകളിലെ ഉത്തരവിന്റെ പകർപ്പുകൾ അന്യത്ര ചേർക്കുന്നു.

17. **വിഷയം (ഫയൽ നമ്പർ - 6859681-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - പൊതുഭരണ വിഭാഗം - അധിക വാഹനങ്ങൾക്കനുസൃതമായി താല്കാലിക ദിവസവേതന നിരക്കിൽ ബഹു.ഡെപ്യൂട്ടി മേയറുടെ വാഹനത്തിലെ ഡ്രൈവറായി ജോലിക്ക് നിയോഗിച്ചത് - സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപ്പറേഷനിലെ ഡ്രൈവർ തസ്തികയിൽ അധിക വാഹനങ്ങൾക്കനുസൃതമായി ഡ്രൈവർമാരെ താത്കാലിക ദിവസവേതന നിരക്കിൽ ജോലിക്ക് നിയോഗിച്ച് വരുന്നുണ്ട്. ബഹു.മേയറുടെ നിർദ്ദേശാനുസരണം വാഹനത്തിലേക്ക് താത്കാലിക ഡ്രൈവറായി ശ്രീ.പ്രവീൺ.പി.പി , പൂവ്വത്തിങ്കൽ വീട്,പുല്ലഴി.പി ഒ, എന്നവരെ 31.12.2025 തിയ്യതി മുതൽ നിയോഗിച്ച നടപടി അംഗീകരിക്കുന്നതിനും, ടിയാളുടെ നിയമനം സംബന്ധിച്ച തീരുമാനത്തിനുമായി ബഹു. കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

**കുറിപ്പ് -**

1. നിലവിൽ ഈ കാര്യാലയത്തിൽ അനുവദിച്ചിട്ടുള്ള 7LDV + 2HDV തസ്തികളിൽ ഒഴിവുകൾ ഇല്ലാത്തതാണ്.
2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന കരാർ/ താത്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നടത്തണമെന്ന് ബഹു പ്രിൻസിപ്പൽ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. (30/10/2025 ലെ LSGD/55840/2023 DEF-6 NO കത്ത് )

18. **വിഷയം (ഫയൽ നമ്പർ - 1748640-2024)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - വ്യവഹാര വിഭാഗം - ബഹു. ഹൈക്കോടതിയിൽ കോർപ്പറേഷനു വേണ്ടി ഹാജരാകുന്ന അഭിഭാഷകർക്ക് മുൻകൂറായി വക്കീൽ ഫീസ് അനുവദിച്ച ബഹു. മേയറുടെ നടപടിയ്ക്ക് സാധൂകരണം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

**വിവരണം**

ബഹു. ഹൈക്കോടതിയിൽ കോർപ്പറേഷനു വേണ്ടി ഹാജരാകുന്ന താഴെ പറയുന്ന അഭിഭാഷകർക്ക് മുൻകൂറായി വക്കീൽ ഫീസ് ഇനത്തിലുള്ള ( ഫൈനൽ തുകയും , അഡ്വാൻസ് തുകയും ) അനുവദിച്ച ബഹു.മേയറുടെ നടപടിയ്ക്ക് സാധൂകരണം ലഭ്യമാക്കുന്നതിനായി വിഷയം ബഹു. കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

| ക്രമ നമ്പർ | കേസുകളുടെ എണ്ണം | അനുവദിച്ച തുക | അഭിഭാഷകന്റെ പേര് |
|---|---|---|---|
| 1 | 46 ( ഫൈനൽ ബിൽ ) | 3,95,500 | അഡ്വ. സന്തോഷ് പൊതുവാൾ |
| 2 | 11 ( ഫൈനൽ ബിൽ ) | 1,65,000 | അഡ്വ. രഞ്ജിത.ജി. |
| 3 | 50 ( അഡ്വാൻസ് ബിൽ) | 3,50,000 | അഡ്വ. സന്തോഷ് പൊതുവാൾ |
| 4 | 186 ( അഡ്വാൻസ് ബിൽ) | 13,02,000 | അഡ്വ. സന്തോഷ് പൊതുവാൾ |
| 5 | 50 ( അഡ്വാൻസ് ബിൽ) | 3,50,000 | അഡ്വ. സന്തോഷ് പൊതുവാൾ |

19. **വിഷയം (ഫയൽ നമ്പർ - 5281164-2025)**

തൃശ്ശൂർ കോർപ്പറേഷൻ- ഡിവിഷൻ 06 ൽ സന്ധ്യാരാമം സബ് സെന്റർ നവീകരണം ഉദ്ഘാടനം- ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 06 ൽ സന്ധ്യാരാമം സബ് സെന്റർ നവീകരണത്തിന്റെ ഉദ്ഘാടനം 27-10-2025 ന് ബഹു.മേയർ നിർവ്വഹിക്കുന്നതിന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾക്കായി വിൽവട്ടം സോണൽ അസി.എഞ്ചിനീയർ ശ്രീമതി സിനി തോമസിന് മുൻകൂർ അനുവദിക്കണമെന്നു ആവശ്യപ്പെട്ട് സമർപ്പിക്കപെട്ട അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന് ബഹു മേയർ അനുമതി നല്കുകയും അസി.എഞ്ചിനീയർ ശ്രീമതി സിനി തോമസ് 25,000/- രൂപ അഡ്വാൻസ് അനുവദിക്കുന്നതിനു അപേക്ഷിച്ചിട്ടുള്ളതു പ്രകാരം വിൽവട്ടം സോണൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി സിനി തോമസിന് 25,000/- രൂപ മുൻകൂറായി അനുവദിച്ചിട്ടുള്ളതുമാണ്. ബഹു.മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരണത്തിനായി ബഹു കൗൺസിൽ മുൻപാകെ സമർപ്പിക്കുന്നു.

20. **വിഷയം (ഫയൽ നമ്പർ - 5637146-2025)**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ- നാലാം ഡിവിഷൻ - KSEB യിൽ സർവ്വീസ് കണക്ഷൻ തുക അടവാക്കൽ - ബഹു.മേയറുടെ മുൻകൂർ അനുമതിക്ക് സാധൂകരണം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ നാലാം ഡിവിഷൻ വിയ്യൂരിലുള്ള 3 മിനി മാസ്റ്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വീസ് കണക്ഷൻ ചാർജ്ജ് ഇനത്തിൽ 9461/- രൂപ വീതമുള്ള 3 ഡിമാൻഡ് നോട്ടീസുകൾ പ്രകാരം ആകെ 28,383/- രൂപ അടവാക്കുന്നതിനായി കെ എസ് ഇ ബി വിയ്യൂരിൽ നിന്നും ഇൻവോയ്സ് ലഭിച്ചിരുന്നു . ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട വാർഷിക പ്രോജക്ടിൽ തുക ബാക്കി ഇല്ലാത്തതിനാലും, മേൽ പ്രവൃത്തി അടിയന്തരമായി നടപ്പാക്കേണ്ടതിനാലും , സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം ലഭിക്കുന്നതിന് വൈകുവാൻ സാധ്യതയുള്ള സാഹചര്യം പരിഗണിച്ചും ടി തുക മുൻകൂർ ആയി അടവാക്കുന്നതിന് സൂചന പ്രകാരം ബഹു.മേയർ അനുമതി നൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം വിയ്യൂർ കെ എസ് ഇ ബി ഓഫീസിൽ 28383/- ( ഇരുപത്തിയെട്ടായിരത്തി മൂന്നൂറ്റി എൺപത്തി മൂന്ന് രൂപ ) അടവാക്കിയിട്ടുള്ളതാണ്. ആയതിനാൽ ടി തുക അടാവാക്കുന്നതിന് ബഹു. മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനായി ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു

21. **വിഷയം (ഫയൽ നമ്പർ - 5564655-2025)**

തൃശ്ശൂർ കോർപ്പറേഷൻ - ഡിവിഷൻ 35 -ഗോസായികുന്ന് സബ്സെന്റർ പുനരുദ്ധാരണം പൂർത്തീകരിച്ചതിന്റെ സമർപ്പണം - ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഡിവിഷൻ 35 ലെ ഗോസായികുന്ന് സബ് സെന്റർ പുനരുദ്ധാരണം പൂർത്തീകരിച്ചതിന്റെ സമർപ്പണം 05/11/2025 (ബുധൻ) രാവിലെ 11.00 മണിക്ക് ബഹു.തൃശ്ശൂർ എം.എൽ.എ ശ്രീ.ബാലചന്ദ്രൻ നിർവ്വഹിച്ചിട്ടുള്ളതാണ്. ആയതിന്റെ ക്രമീകരണങ്ങൾക്ക് ബഹു.മേയർ ശ്രീ.എം.കെ.വർഗ്ഗീസിന്റെ മുൻകൂർ അനുമതി പ്രകാരം 25,000/- രൂപ അസി.എഞ്ചിനീയർ ശ്രീമതി.ഹിത പോളിന് അഡ്വാൻസ് അനുവദിച്ചിട്ടുള്ളതാണ്. ബഹു.മേയറുടെ മേൽനടപടി സാധൂകരിക്കുന്നതിനായി ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

22. **വിഷയം (ഫയൽ നമ്പർ - 5560750-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - അഞ്ചാം ഡിവിഷൻ പെരിങ്ങാവ് - കമ്മ്യൂണിറ്റി ഹാളിന്റെ ഒന്നാം നിലയുടെ നിർമ്മാണോദ്ഘാടനം - ചെലവ് അനുവദിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ അഞ്ചാം ഡിവിഷൻ പെരിങ്ങാവ് കമ്മ്യൂണിറ്റി ഹാളിന്റെ ഒന്നാം നിലയുടെ നിർമ്മാണോദ്ഘാടനം 02/11/2025 വൈകീട്ട് 5 മണിക്ക് ബഹു.തൃശ്ശൂർ എം എൽ എ ശ്രീ.പി.ബാലചന്ദ്രൻ അവർകൾ നിർവ്വഹിച്ചിട്ടുള്ളതാണ്. .ആയതിന്റെ മുന്നൊരുക്കങ്ങൾക്കായി 27,040/- രൂപ വിൽവട്ടം സോണൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്ന ശ്രീമതി സിനി തോമസ് ചെലവഴിച്ചിരുന്നു. ഈ തുക അനുവദിക്കുന്നതിനായി വിൽവട്ടം സോണൽ അസി.എഞ്ചിനീയർ മുഖേന അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ ബില്ലുകളും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ ശ്രീമതി സിനി തോമസ് ചെലവഴിച്ച തുക 25000/- രൂപയിൽ പരിമിതപ്പെടുത്തി അനുവദിക്കുന്ന വിഷയം ബഹു ധനകാര്യ സ്ഥിരം സമിതിയുടെ പരിഗണനക്കായി

കുറിപ്പ് -
1) തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പിന്റെ 19/05/2022 ലെ സർക്കാർ ഉത്തരവ് 1255/2022 പ്രകാരം അനുവദിക്കാവുന്ന പരമാവധി തുക 25000/- രൂപയാണ്
2) അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ ബില്ലുകളും അനുബന്ധ രേഖകളുമാണ് സമർപ്പിച്ചിട്ടുള്ളത്.

23. **വിഷയം (ഫയൽ നമ്പർ - 6191441-2025)**

തൃശ്ശൂർ കോർപ്പറേഷൻ -ആരോഗ്യവിഭാഗം-ക്ലീൻ ടോയ്‌ലറ്റ് ക്യാമ്പയിൻ -അഡ്വാൻസ് തുക അനുവദിച്ചത് -ക്രമീകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

ക്ലീൻ ടോയ്‌ലറ്റ് ക്യാമ്പയിന്റെ ഭാഗമായി പൊതുടോയ്‌ലറ്റ് ചുമരുകളിൽ ശുചിത്വബോധവത്കരണസന്ദേശങ്ങൾ എഴുതുന്നതിന് വേണ്ടി അഡ്വാൻസ് തുകയായി ശ്രീ.ജയപ്രകാശ് (CIRCLE 6SPHI)ക്ക് അനുവദിച്ച 200000/- രൂപയിൽ 175000/- രൂപ ചെലവഴിച്ച് ബാക്കി തുകയായ25000/- രൂപ കോർപ്പറേഷൻ ഓഫീസിൽ തിരിച്ചടവാക്കിയിട്ടുള്ളതും ആണ്.രസീത് സമർപ്പിച്ചിട്ടുണ്ട്.(receipt no-c080100-24127457 dtd2/12/2024). ആയത്ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 10/11/2025 തിയതിയിലെ 13 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. മേൽ വിഷയം കൌൺസിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു.
സണ്ണി ആർട്ട്സ് ആന്റ് ഡിസൈനേഴ്സ് (ബിൽ) - 175000/

24. **വിഷയം (ഫയൽ നമ്പർ - 5612524-2025)**

ഡിവിഷൻ 51 ലെ അരണാട്ടുകരയിലെ പകൽ വീട് ഉദ്ഘാടനം-ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ-51, അരണാട്ടുകരയിലെ പകൽ വീട് ഉദ്ഘാടനം 05.11.2025 ബുധനാഴ്ച ഉച്ചതിരിഞ്ഞ് 5.00 മണിക്ക് ബഹു മേയർ നിർവ്വഹിച്ചിട്ടുള്ളതാണ്. ആയതിന്റെ ക്രമീകരണങ്ങൾക്കായി ബഹു മേയറുടെ മുൻകൂർ അനുമതി പ്രകാരം 25,000/-രൂപ അയ്യന്തോൾ സോണൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രചന ആർ എന്നവർക്ക് അനുവദിച്ചിട്ടുള്ളതാണ്. ബഹു. മേയറുടെ നടപടി സാധൂകരിക്കുന്നതിനായി ബഹു കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

25. **വിഷയം (ഫയൽ നമ്പർ - 3549990-2025)**

തൃശ്ശൂർ കോർപ്പറേഷൻ- ഡിവിഷൻ 04 ൽ റോസ ബസാർ തീർത്ഥം കുടിവെള്ള പദ്ധതി ഉദ്ഘാടനം - ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്-

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 04 ൽ റോസ ബസാർ തീർത്ഥം കുടിവെള്ള പദ്ധതി ഉദ്ഘാടനം 24-08-2025 ന് ബഹു മേയർ നിർവ്വഹിക്കുന്നതിന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾക്കായി വിൽവട്ടം സോണൽ അസി.എഞ്ചിനീയർ ശ്രീമതി സിനി തോമസിന് മുൻകൂർ അനുവദിക്കണമെന്നു ആവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട സൂചന (1) അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന് സൂചന (2) പ്രകാരം ബഹു മേയർ അനുമതി നല്കുകയും അസി.എഞ്ചിനീയർ ശ്രീമതി സിനി തോമസ് 25,000/- രൂപ അഡ്വാൻസ്

അനുവദിക്കുന്നതിനു അപേക്ഷിച്ചിട്ടുള്ളതു പ്രകാരം 25,000/- രൂപ മുൻകൂറായി അനുവദിച്ചിട്ടുള്ളതുമാണ്. ബഹു മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരണത്തിനായി ബഹു കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു.

26. **വിഷയം (ഫയൽ നമ്പർ - 4423588-2025)**

തൃശ്ശൂർ കോർപ്പറേഷൻ - ഡിവിഷൻ 04 - മിനി മാസ്റ്റ് ലൈറ്റുകളുടെ ഉദ്ഘാടനം - ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 04 ൽ പാടൂക്കാട് തുരുത്ത് പ്രദേശത്ത് സ്ഥാപിച്ച മിനി മാസ്റ്റ് ലൈറ്റുകളുടെ ഉദ്ഘാടനം 28-09-2025 ന് ബഹു.മേയർ നിർവ്വഹിക്കുന്നതിന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾക്കായി വിൽവട്ടം സോണൽ അസി.എഞ്ചിനീയർ ശ്രീമതി സിനി തോമസിന് മുൻകൂർ അനുവദിക്കണമെന്നു ആവശ്യപ്പെട്ട് സമർപ്പിച്ച ഡിവിഷൻ 04 കൌൺസിലറുടെ 11/09/2025 ലെ അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന് 11.09.2025 നു ബഹു മേയർ അനുമതി നൽകിയിട്ടുള്ളതാണ്. അഡ്വാൻസ് അനുവദിക്കുന്നതിനു അപേക്ഷിച്ചിട്ടുള്ളതിന്റെയും, മുൻകൂർ അനുമതി ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ അസി.എഞ്ചിനീയർ ശ്രീമതി.സിനി തോമസ് എന്നവർക്ക് 25,000/- രൂപ മുൻകൂറായി അനുവദിച്ചിട്ടുള്ളതുമാണ്. ബഹു മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരണത്തിനായി ബഹു കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു.

27. **വിഷയം (ഫയൽ നമ്പർ - 2796211-2024)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ഡിവിഷൻ 36 - തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിൽ പണി പൂർത്തീകരിച്ച മൾട്ടി ലെവൽ കാർ പാർക്കിങ്ങിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച ചെലവുകളിലേയ്ക്ക് ബന്ധപ്പെട്ട അസി.എഞ്ചിനീയർക്ക് അനുവദിച്ച മുൻകൂർ തുക ക്രമീകരിക്കുന്നതും മുൻകൂർ അനുവദിച്ച ബഹു.മേയറുടെ നടപടി സാധൂകരിക്കുന്നതും സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഡിവിഷൻ 36-തൃശ്ശൂർ കോർപ്പറേഷൻ ഓഫീസ് കോമ്പൗണ്ടിൽ പണി പൂർത്തീകരിച്ച മൾട്ടി ലെവൽ കാർ പാർക്കിംഗ് സംവിധാനത്തിന്റെ ഉദ്ഘാടനം 2024 ഡിസംബർ 20-ാം തീയ്യതി വെള്ളിയാഴ്ച വൈകുന്നേരം 4.00 മണിക്ക് ബഹു മേയറുടെ അദ്ധ്യക്ഷതയിൽ ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ എം ബി രാജേഷ് അവർകൾ നിർവ്വഹിച്ചതിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ( പ്രോജക്ട്) ശ്രീ മഹേന്ദ്ര പി എ ക്ക് അനുവദിച്ച അഡ്വാൻസ് തുക 75,000/- രൂപ ക്രമീകരിക്കുന്നതിനും, മുൻകൂർ അനുവദിച്ച ബഹു മേയറുടെ നടപടി സാധൂകരണത്തിനുമായി ബഹു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനക്ക് സമർപ്പിച്ചിരുന്നു. 03/11/2025 തീയ്യതിയിലെ 16-ാം നമ്പർ തീരുമാന പ്രകാരം മുൻകൂർ ക്രമീകരിക്കുന്നതിന് അനുമതി നൽകുകയും മുൻകൂർ അനുവദിച്ച ബഹു. മേയറുടെ നടപടി സാധൂകരിക്കുന്നതിനായി കൗൺസിൽ പരിഗണനക്ക് സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. സ്റ്റാന്റിങ്ങ് കമ്മറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ, മുൻകൂർ അനുവദിച്ച നടപടി സാധൂകരണത്തിനായി ബഹു.കൌൺസിൽ പരിഗണനക്കായി സമർപ്പിക്കുന്നു.

കുറിപ്പ്-

1) മേൽ പ്രവൃത്തിക്ക് നൽകിയ അഡ്വാൻസ് തുക 75000/- രൂപയാണ്.

2) തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പിന്റെ 19/05/2022 ലെ സർക്കാർ ഉത്തരവ് 1255/2022 പ്രകാരം അനുവദിക്കാവുന്ന പരമാവധി തുക 75000/- രൂപയാണ്
3)അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ ബില്ലുകളാണ് അസി.എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത്.

28. **വിഷയം (ഫയൽ നമ്പർ - 138037-2026)**

തൃശ്ശൂർ കോർപ്പറേഷൻ എൻജിനീയറിംഗ് വിഭാഗം - ചിയ്യാരം വില്ലേജ് ഓഫീസ് പ്രവർത്തനം ഡിവിഷൻ 33 ലെ പകൽ വീട് കെട്ടിടത്തിലേക്ക് മാറ്റുന്നതിന് ബഹു. മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

ചിയ്യാരം വില്ലേജ് ഓഫീസ് ,സ്മാർട്ട് വില്ലേജ് ഓഫീസ് ആയി നവീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ചതിനാൽ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതുവരെ വില്ലേജ് ഓഫീസിന്റെ താത്കാലിക പ്രവർത്തനത്തിനായി ഡിവിഷൻ 33 ലെ പകൽ വീട് കെട്ടിടത്തിന്റെ ഒന്നാം നിലയിലുള്ള ഹാൾ ലഭ്യമാക്കണമെന്ന തൃശ്ശൂർ തഹസിൽദാരുടെ 01-01-2026 ലെ TLKTSR/2582/2025-A 5 നമ്പർ അഭ്യർത്ഥന പരിഗണിച്ചു വില്ലേജ് ഓഫീസ് പ്രവർത്തനം താത്കാലികമായി പകൽവീട് കെട്ടിടത്തിലേക്ക് മാറ്റുന്നതിന് ബഹു മേയർ 14-01-2026 ൽ അനുമതി നൽകിയിരുന്നു. ബഹു. മേയറുടെ നടപടി സാധൂകരണത്തിനായി കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

29. **വിഷയം (ഫയൽ നമ്പർ - 3693003-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - 2025-26 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതും ടെണ്ടറും ക്വട്ടേഷനും അംഗീകരിക്കുന്നതും സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ തൃപ്തികരമായ പൂർത്തീകരണത്തിനു വേണ്ടി അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും ടെണ്ടർ നടപടികളുടെയും ക്വട്ടേഷൻ നടപടികളുടെയും അംഗീകാരത്തിനായുമുള്ള താഴെ പറയുന്ന പട്ടിക ബഹു.കൌൺസിൽ അംഗീകാരത്തിനായ്

| Sl.No. | File No.& Date | Project no. | Division | Project name | AS | Q amount | Name of Contractor | RE/ മുൻകൂർ/ TENDER/RE TENDER/TENDER EXCESS /QUTATION / ESTIMATE |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അനുമതിക്കായ് | | | | | | | |
| 1 | PW3-4800589/25 | 1797/26 | 3 | തൃശ്ശൂർ കോർപ്പറേഷൻ ഈസ്റ്റ് സോൺ 2024-25 റോസ് ഗാർഡനിൽ കാന കവർസ്ലാബ് നിർമ്മാണം | 21,90,000/- | 18,54,145.2/- | Rixon K R | പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ RCC കാന നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ സൈറ്റിലെ നിലവിലെ അവസ്ഥ പ്രകാരം കുറച്ചു ഭാഗത്തെ RCC drain മാറ്റി PCC drain അനുയോജ്യമായി കാണുന്നു. ആയതിനാൽ എസ്റ്റി |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | മേറ്റ് തുകയിൽ അധികരിക്കാതെ അളവുകളിലുള്ള വ്യതിയാനം വരുന്നതിനാൽ എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ റിവൈസ് ചെയ്യുന്നതിനുള്ള നടപടികൾക്കായി സമർപ്പിക്കുന്നു. |
| 2 | PW3-4629649/25 | 835/26 | 23 | തൃശ്ശൂർ കോർപ്പറേഷൻ ഈസ്റ്റ് സോൺ 2025-26 ഡിവിഷൻ 23 ബി | 6,00,000/- | 4,29,482.5/- | Thazhath Group | സൈറ്റിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചപ്പോൾ എസ്റ്റിമേറ്റിൽ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | ക്യൂ ക്യാർട്ടേഴ്സ് അറ്റകുറ്റപ്പണികൾ 5 | | | | ഉൾപ്പെടുത്തിയ ഷീറ്റ് പ്രവൃത്തിയുടെ ഇനങ്ങൾ കൂടുതലായി ഉൾപ്പെടുത്തേണ്ടതായി വന്നുവെന്നും കൂടാതെ സൈറ്റ് കണ്ടീഷന് അനുസരിച്ച് അളവിൽ വ്യതിയാനങ്ങൾ ഉള്ളതിനാലും എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടിക |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | ൾക്കായി |
| ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച് Tender Opening Date - 13/11/2025 | | | | | | | | |
| 3 | PW3-5669142/2025 | 649/26 (LOAN) | 22 | തൃശ്ശൂർ കോർപ്പറേഷൻ ഈസ്റ്റ് സോൺ ഡിവിഷൻ 22 ഊട്ടി ഗാർഡൻ ബൈ ലൈൻ ബോബ്ബി അവന്യു പുതിയ റോഡ് നിർമ്മാണം | 6,32,218/- | 5,97,019.98/- | SHAJU K V | |
| ക്വട്ടേഷൻ അംഗീകരിക്കുന്നത് സംബന്ധിച്ച് Quotation Date - 08/01/2026 | | | | | | | | |
| 4 | PW6-5030913/25 | 906/26 (OWN FUND) | 15 | തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂക്കര സോണൽ ഡിവിഷൻ 15 അച്ചുതൻ കുഴി റോഡ് പാർശ്വ | 8,46,213 | 8,46,213/- | AJAYKUMAR | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | ഭിത്തി നിർമ്മാണം രണ്ടാം ഘട്ടം | | | | |

30. **വിഷയം (ഫയൽ നമ്പർ - 6775002-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - പൊതുഭരണ വിഭാഗം - അധിക വാഹനങ്ങൾക്കനുസൃതമായി താല്കാലിക ദിവസവേതന നിരക്കിൽ ജോലിക്ക് നിയോഗിച്ചത് - ബഹു.മേയറുടെ വാഹനത്തിലേക്ക് ഡ്രൈവറെ നിയോഗിച്ചത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷനിലെ ഡ്രൈവർ തസ്തികയിൽ അധിക വാഹനങ്ങൾക്കനുസൃതമായി ഡ്രൈവർമാരെ താത്കാലിക ദിവസവേതന നിരക്കിൽ ജോലിക്ക് നിയോഗിച്ച് വരുന്നുണ്ട്. ബഹു.മേയറുടെ നിർദ്ദേശാനുസരണം വാഹനത്തിലേക്ക് താത്കാലിക ഡ്രൈവറായി ശ്രീ.വിശാൽ.പി.എസ്, പാമ്പുക്കാട്ടിൽ വീട്, കിഴക്കുംപാട്ടുക്കര എന്നിവരെ 27.12.2025 തിയ്യതി മുതൽ നിയോഗിച്ച നടപടി അംഗീകരിക്കുന്ന വിഷയം കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

**കുറിപ്പ് -**

1. നിലവിൽ ഈ കാര്യാലയത്തിൽ അനുവദിച്ചിട്ടുള്ള 7LDV + 2HDV തസ്തികളിൽ ഒഴിവുകൾ ഇല്ലാത്തതാണ്.
2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന കരാർ/ താത്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നടത്തണമെന്ന് ബഹു.പ്രിൻസിപ്പൽ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. (30/10/2025 ലെ LSGD/55840/2023 DEF-6 NO കത്ത് )
3. ഈ കാര്യാലയത്തിൽ ആകെ 143 വാഹനങ്ങളാണുള്ളത്. ഹെൽത്ത് സ്ക്വാഡ്,സോണൽ ഉൾപ്പെടെ ഓഫീസ് ആവശ്യത്തിന് 15 വാഹനങ്ങൾ ഉണ്ട്.അതിൽ 7 ഗവ,ഡ്രൈവർമാരും രണ്ട് എംപ്ലോയ്മെന്റ് വഴി നിയമിതരായ ഡ്രൈവർമാരും ഉണ്ട്.നൈറ്റ് സ്ക്വാഡ് ഉൾപ്പെടെ വാഹനങ്ങൾ പ്രവർത്തിക്കുന്നതിന് 7 ഡ്രൈവർമാരെങ്കിലും ആവശ്യമുള്ളതാണ്.

ശരിപ്പകർപ്പ്

In സെക്രട്ടറി